ഭരണഭാഷ മാതൃഭാഷ

ക്യു3/105259/2017/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 12-03-2018.

## സർക്കുലർ

കേന്ദ്ര സർക്കാർ മാനവ വിഭവശേഷി വകുപ്പ് മന്ത്രാലയം ഗ്രാമ വികസനം ലക്ഷ്യമിട്ട് ഉന്നത് ഭാരത് അഭിയാൻ പദ്ധതിക്ക് വേണ്ടി പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. സാങ്കേതികേതര സ്ഥാപനങ്ങൾ ഇതിനായി ഒരു ഗ്രാമത്തെ തെരഞ്ഞെടുക്കേണ്ടതും, ഗ്രാമത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, സാങ്കേതിക പുരോഗതിക്കും ഉതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്. സ്ഥാപനങ്ങളെ അവിടുത്തെ അക്കാദമിക് നിലവാരം, സാമൂഹ്യ സേവന പദ്ധതികളിലെ സാന്നിധ്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്. കോളേജുകളിലെ സോഷ്യൽ ക്ലബ്, നാച്വർ ക്ലബ് മുതലായവ വഴി പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. കേന്ദ്ര സർക്കാർ ഉന്നത് ഭാരത് അഭിയാന്റെ പോർട്ടൽ വഴി ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. സ്ഥാപനങ്ങളെ www.aishe.gov.in-ൽ രജിസ്റ്റർ ചെയ്തശേഷം ഉന്നത് ഭാരത് അഭിയാൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 2017-2018, 2018-2019, 2019-2020 എന്നീ വർഷങ്ങളിലേക്ക് പ്രൊപ്പോസലുകൾ പ്രത്യേകം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഉന്നത് ഭാരത് അഭിയാന്റെ പോർട്ടൽ സന്ദർശിക്കേണ്ടതാണ്.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

ശ്രീജ/15-03-2018